**പതിമൂന്നാം കേരള നിയമസഭ**

**പത്താം സമ്മേളനം.**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം : 2228 | 23-01-2014-ൽ മറുപടിക്ക്

**കേടായ വൈദ്യുത മീറ്ററുകൾ**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ജോസഫ് വാഴക്കൻ<br>" വി.റ്റി. ബൽറാം<br>" ഷാഫി പറമ്പിൽ<br>" റ്റി. എൻ. പ്രതാപൻ | ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജ വകുപ്പ് മന്ത്രി.) |
| (എ) കേടായ മുഴുവൻ മീറ്ററുകളും മാറ്റാൻ കെ.എസ്.ഇ.ബി. നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ ; | (എ) കേടായ മുഴുവൻ മീറ്ററുകളും 31.03.2014ന് മുമ്പ് മാറ്റി സ്ഥാപിക്കുവാൻ ബോർഡ് ലക്ഷ്യമിട്ടിട്ടുണ്ട്. ഇവ മാറ്റി സ്ഥാപിക്കുന്നതിന് ആവശ്യമായ മീറ്ററുകൾ ലഭ്യമാക്കി മീറ്റർ മാറ്റി സ്ഥാപിക്കുന്ന പ്രവർത്തികൾ പുരോഗമിച്ചു വരുന്നു. ഈ സാമ്പത്തിക വർഷം ഇതുവരെ ഏകദേശം 622395 കേടായ മീറ്ററുകൾ മാറ്റി സ്ഥാപിച്ചിട്ടുണ്ട്. |
| (ബി) എത്ര ലക്ഷം കേടായ മീറ്ററുകളാണ് കണ്ടെത്തിയിട്ടുള്ളത്; വിശദാംശങ്ങൾ എന്തെല്ലാം ; | (ബി) ലഭ്യമായ കണക്കനുസരിച്ച് ഏകദേശം 6.7 ലക്ഷം കേടായ മീറ്ററുകൾ മാറ്റി സ്ഥാപിക്കുവാനുണ്ട്. |
| (സി) ഏതെല്ലാം മീറ്ററുകളാണ് മുൻഗണനാക്രമത്തിൽ മാറ്റുവാൻ ഉദ്ദേശിക്കുന്നത്; വിശദമാക്കുമോ ; | (സി) താഴെ പറയുന്ന മുൻഗണനാ ക്രമത്തിൽ എല്ലാ കേടായ മീറ്ററുകളും മാറ്റി സ്ഥാപിക്കുവാൻ നിർദ്ദേശം നൽകിയിട്ടുണ്ട്.<br>1. (കൊമേഴ്സ്യൽ & ഇൻഡസ്ട്രിയൽ) ഉപഭോക്താക്കൾ. |

2. 40 യൂണിറ്റിൽ കൂടുതൽ ശരാശരി ഉപഭോഗമുള്ള ഗാർഹിക ഉപഭോക്താക്കൾ.
3. മറ്റു കേടായ മീറ്ററുകൾ.
4. ആർ.എ.പി.ഡി.ആർ.പി പദ്ധതി നടപ്പിലാക്കി വരുന്ന പ്രദേശങ്ങളിൽ സ്ഥാപിച്ചിട്ടുള്ള ഇലക്ട്രോമെക്കാനിക്കൽ മീറ്ററുകൾ.
5. മറ്റെല്ലാ വിഭാഗത്തിലുമുള്ള ഇലക്ട്രോമെക്കാനിക്കൽ മീറ്ററുകൾ.

(ഡി) ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ; വിശദമാക്കുമോ ;

(ഡി) മീറ്ററുകൾ മാറ്റുന്നതിന്റെ പുരോഗതി എല്ലാ മാസവും വിലയിരുത്തുകയും 31.03.2014 ന് മുമ്പ് ഈ പ്രവൃത്തി പൂർത്തീകരിക്കുന്നതിനുള്ള കർശന നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്..

സെക്ഷൻ ഓഫീസർ